# രണ്ടാം ലോക കേരളസഭ സമീപന രേഖയുടെ ചർച്ചയിലെ നിർദ്ദേശങ്ങൾക്കുള്ള പ്രതികരണം

## ഉണ്ടാകേണ്ട കാഴ്ചപ്പാട്

സംസ്ഥാന ഗവൺമെന്റിന്റെ മുൻകൈയ്യോടുകൂടി ലോക കേരളസഭ സംഘടിപ്പിക്കുമ്പോൾ നമ്മുടെ സാധ്യതകളേയും പരിമിതികളേയും കുറിച്ച് വ്യക്തമായ ധാരണ നമുക്കുണ്ടാവുക പ്രധാനമാണ്. പ്രതേകിച്ചും ലോക കേരളസഭ പോലെ നിയമപദവിയിലേക്ക് കൊണ്ടുപോകാൻ നാം ശ്രമിക്കുന്ന സഭയിലെ അംഗങ്ങൾക്ക്. നമ്മുടെ മുമ്പിൽ വരുന്ന പ്രശ്നങ്ങളെ സമീപിക്കുമ്പോൾ 3 തരത്തിൽ അവയുണ്ട് എന്നു നാം തിരിച്ചറിയണം.

1) അന്താരാഷ്ട്ര തലത്തിലും ദേശീയതലത്തിലുമുള്ള പ്രശ്നങ്ങൾ.

2) സംസ്ഥാന സർക്കാരിനും അതിന്റെ ഏജൻസികൾക്കും ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ.

3) ലോക കേരളസഭയിലെ അംഗങ്ങൾ മുൻകൈ എടുത്തുകൊണ്ട് ചെയ്യേണ്ട കാര്യങ്ങൾ.

## അന്താരാഷ്ട്ര തലത്തിലുള്ള ഇടപെടൽ

ഒന്നാമത്തേത് കേന്ദ്ര സർക്കാരിനും അതുപോലെ അന്താരാഷ്ട്ര തലത്തിലും എടുക്കുന്ന തീരുമാനത്തിലൂടെ മാത്രം പരിഹരിക്കപ്പെടാവുന്നവയാണ്. ഇവിടെ ഉയർന്നുവരാവുന്ന അത്തരം വിഷയങ്ങളെ പാർലമെന്റിന്റെയും മറ്റും ശ്രദ്ധയിൽ കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടെയാണ് എം.പി.മാരെയും കേന്ദ്ര മന്ത്രിമാരേയും എല്ലാം ഈ സഭയുടെ സമ്മേളനത്തിൽ പങ്കെടുപ്പിക്കുക എന്ന നയം നാം സ്വീകരിച്ചത്. ഇവിടെ നടക്കുന്ന ചർച്ച തീർച്ചയായും പ്രവാസികളുടെ

പ്രശ്നങ്ങൾ മനസ്സിലാക്കാനും പരിഹരിക്കാനും ആഗ്രഹിക്കുന്ന അത്തരം വേദിയിലുള്ള അംഗങ്ങൾക്ക് ഏറെ സഹായകമാണ്. ഇത്ത രത്തിലുള്ള കേരളത്തിലെ പ്രവാസികളുടെ പ്രശ്നങ്ങൾ കക്ഷിഭേദ മെന്യേ ഒറ്റക്കെട്ടായി കേരളീയർക്ക് അവതരിപ്പിക്കാനാവണം എന്ന തായിരുന്നു സർക്കാരിന്റെ ലക്ഷ്യം. ആ തലത്തിലേക്ക് വികസിപ്പിച്ചു കൊണ്ടു മാത്രമേ ഇത്തരം കാര്യങ്ങൾക്ക് പരിഹാരം കാണാൻ കഴിയൂ. അതുകൊണ്ട് ഇവിടെ സന്നിഹിതരായ പാർലമെന്റ് അംഗ ങ്ങളുടെ ഉത്തരവാദിത്തം വർദ്ധിക്കുകയാണ്. ഇവിടെ ഉയർന്നുവന്ന കാര്യങ്ങൾ പാർലമെന്റിലും ബന്ധപ്പെട്ട സഭകളിലും അവതരിപ്പി ക്കുക മാത്രമല്ല, അവരുടെ സഹപ്രവർത്തകരെ ഈ കാര്യങ്ങൾ അറിയിച്ചുകൊണ്ട് അവരെക്കൂടി ഒപ്പം അണിനിരത്താൻ ശ്രമിക്കണം.

സംസ്ഥാന സർക്കാർ എം.പി. കോൺഫറൻസുകളും മറ്റും സംഘടി പ്പിക്കുമ്പോൾ അതിന്റെ അജണ്ടയുടെ ഭാഗമായി ഇവിടെ ഉയർന്നു വന്ന എല്ലാ പ്രശ്നങ്ങളും ഉൾപ്പെടുത്താൻ ശ്രമിക്കും. കേന്ദ്ര ബജറ്റി നു മുന്നോടിയായി നടക്കുന്ന എല്ലാ ചർച്ചകളിലും ഇത്തരം വിഷയ ങ്ങളെ ഉൾപ്പെടുത്തുക എന്നതും സർക്കാരിന്റെ പൊതുസമീപനമാ യിരിക്കും എന്ന കാര്യവും ഉറപ്പു തരികയാണ്. അതുകൊണ്ട് ഇവിടെ ഇത്തരം കാര്യങ്ങളുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ശബ്ദ ങ്ങൾ വൃഥാവിലാവില്ല എന്ന ഉറപ്പ് നൽകുകയാണ്.

**<u>ഇടപെടേണ്ട അടിയന്തരമായ ഒരു കാര്യം</u>**

ഇവിടെ ഉയർന്നുവന്ന ഒരു കാര്യം പ്രത്യേകം പരാമർശിക്കട്ടെ; അന്തർദ്ദേശീയ പ്രവാസ ഉടമ്പടി സംബന്ധിച്ചും കേന്ദ്രസർക്കാരിന്റെ പരിഗണനയിലുള്ള പുതിയ എമിഗ്രേഷൻ നിയമം സംബന്ധിച്ചും മറ്റ് സംസ്ഥാന സർക്കാരുകളെയും മറ്റ് ബന്ധപ്പെട്ട ഏജൻസികളേയും കൂടി അണിനിരത്തിക്കൊണ്ട് അഭിപ്രായ സമന്വയവും സമ്മർദ്ദവും സൃഷ്ടിക്കണമെന്നുള്ള അഭിപ്രായമാണ് ഇവിടെ വന്നത്. അത്

പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാ സാധ്യതകളേയും സർക്കാർ ഉപയോഗപ്പെടുത്തുന്നതാണ്.

**<u>നിക്ഷേപവുമായി ബന്ധപ്പെട്ടത്</u>**

കേരളത്തിന്റെ വികസനത്തിന് പ്രവാസി മൂലധനത്തെ എങ്ങനെ ക്രിയാത്മകമായി ഉപയോഗപ്പെടുത്താം എന്ന കാര്യവും ഈ സഭ യിൽ വിശദമായി പരിശോധിക്കപ്പെട്ടിട്ടുണ്ട്. അക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ നേരത്തെ തന്നെ ആരംഭിച്ചു തുടങ്ങിയിട്ടുണ്ട്. അടിസ്ഥാന സൗകര്യമേഖല യിൽ ഉൾപ്പെടെ ഉണ്ടായ വികസനങ്ങൾ ഇതിന്റെ ഭാഗമാണ്. ഇതി ലൂടെ കേരളത്തിലെ ജനതയിൽ ആത്മവിശ്വാസം സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്. ഒന്നും നടക്കില്ല എന്ന തോന്നലിൽ നിന്നും നാം ഒത്തുചേർന്നാൽ അത്ഭുതങ്ങൾ സൃഷ്ടിക്കാനാവും എന്ന മനോഭാവ ത്തിലേക്ക് കേരളീയർ മാറിയിട്ടുണ്ട്. ഈ മാറ്റത്തിന് ലോക കേരളസ ഭയും പ്രവാസി മലയാളികളും നൽകിയ പിന്തുണയും ഇടപെടലും ഏറെ സഹായകമായിട്ടുണ്ട് എന്ന കാര്യവും ഇവിടെ ഓർമ്മിപ്പിക്ക ട്ടെ. ഇതുമായി ബന്ധപ്പെട്ട നിരവധി നിർദ്ദേശങ്ങൾ ഈ സഭയിൽ ഉയർന്നുവന്നിട്ടുണ്ട്. അവയെല്ലാം സൂക്ഷ്മമായി പരിശോധിച്ചു കൊണ്ട് സർക്കാർ ഇടപെടും. അതിൽ ആവശ്യമായ സഹായവും പിന്തുണയും തുടർന്നും ഉണ്ടാകുമെന്ന വിശ്വാസവും സർക്കാരിനു ണ്ട്. അത്തരം പിന്തുണ തന്നെയാണ് സർക്കാരിന് ഏതു പ്രതിസന്ധി യെയും മറികടക്കാമെന്ന ആത്മധൈര്യം നൽകുന്നതെന്നതും ഈ അവസരത്തിൽ തുറന്നു പറയാൻ മടിയില്ല.

സാമ്പത്തിക വളർച്ചയ്ക്ക് അനിവാര്യമായ പശ്ചാത്തലസൗകര്യ വിക സനം ഒരു സംസ്ഥാന സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ നിന്നും മാത്രം സാധ്യമല്ല എന്നുള്ളത് ആർക്കും അഭിപ്രായവ്യത്യാസമി ല്ലാത്ത വസ്തുതയാണ്. വികസനത്തിന് ആവശ്യമായ വിഭവസമാഹ

രണം ബജറ്റിനു പുറത്തുനിന്ന് കണ്ടെത്തുകയും അവ ഫലപ്രദമായി വിനിയോഗിക്കുകയും ചെയ്യുന്ന കാര്യം ഈ സർക്കാർ ഫലപ്രദ മായി നിർവ്വഹിച്ചു വരുന്നു. അതിന്റെ ഉദാഹരണമാണ് കിഫ്ബി. ഇതിൽ പ്രവാസികളുടെ ശ്രദ്ധേയമായ സംഭാവനകൾ ഉണ്ടായിട്ടുണ്ട്. വിജ്ഞാനമേഖലയിൽ പ്രവാസികളുടെ സംഭാവന പ്രയോജനപ്പെടു ത്താൻ സർക്കാരിന് താത്പര്യമുണ്ട്.

**<u>സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുന്നത്</u>**

ഇവിടെ ഉയർന്നുവന്ന പ്രശ്നങ്ങളിൽ പലതും സംസ്ഥാന സർക്കാ രിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാരിന്റെ മറ്റ് ഏജൻസികൾക്കും പരിഹരിക്കാൻ പറ്റുന്നതാണ്. അത്തരം ചർച്ച കളെ ഇവിടെ ക്രോഡീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അവ വിശദമായി പരിശോധിച്ച് സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കു ന്നതാണ്. അത്തരം ചില കാര്യങ്ങളെ സൂചിപ്പിച്ചുപോകാൻ ഈ അവസരം ഉപയോഗിക്കട്ടെ.

**<u>ഉയർന്നുവന്ന നിർദ്ദേശങ്ങളും സർക്കാരിന്റെ നിലപാടുകളും</u>**

1) ഇവിടെ ഉയർന്നുവന്ന ചർച്ചയിലെ ഒരു പ്രധാന നിർദ്ദേശം പ്രവാസികൾ നേരിടുന്ന തൊഴിൽ പ്രശ്നങ്ങൾ, വിവാഹ രജി സ്ട്രേഷൻ, വിവാഹ മോചനം, കുട്ടികളെ ദത്തെടുക്കൽ, വസ്തു കൈമാറ്റം തുടങ്ങിയവയെ സംബന്ധിച്ച നിയമപ്രശ്നങ്ങൾക്ക് പരി ഹാരമുണ്ടാകണമെന്നതാണ്.

<u>നിലപാട്</u>

***ഇതിലെ വിശദാംശങ്ങൾ പെട്ടെന്നുതന്നെ മനസ്സിലാക്കുകയും ആവശ്യമായ പരിഹാര നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സമയ ബന്ധിതമായി നൽകാനും നിയമവകുപ്പിനോട് ആവശ്യപ്പെടു ന്നതാണ്.***

2) സാംസ്കാരിക വിനിമയത്തിന് ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസിന്റെ മാതൃകയിൽ ഒരു സംവിധാനം ഉണ്ടാകണമെന്ന് നിർദ്ദേശം ഉയർന്നിട്ടുണ്ട്.

<u>നിലപാട്</u>

***നമ്മുടെ ഭാഷയും സംസ്കാരവും പോഷിപ്പിക്കാനും അവ പ്രവാസികൾക്കിടയിൽ പ്രചാരണം നേടുന്നതിനും ആവശ്യ മായ നടപടികൾ സ്വീകരിക്കാൻ നടപടികൾ ഉണ്ടാകുന്ന താണ്.***

3) ജയിലുകളിൽ കഴിയുന്നതവരുടെ വിടുതലിനും വിമാനടിക്കറ്റ് ചാർജ്ജ് വർദ്ധനവിലും ഫലപ്രദമായ ഇടപെടൽ ഉണ്ടാകണ മെന്ന മറ്റൊരു നിർദ്ദേശവും ഉയർന്നുവന്നിട്ടുണ്ട്.

<u>നിലപാട്</u>

***ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടലുകൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും നിരന്തരമായി ഉണ്ടാകുന്നുണ്ട്. എന്നാൽ ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ ഇവ പരിമിത മായ അധികാരപരിധിയിൽ നിന്നുകൊണ്ട് സംസ്ഥാന സർക്കാ രിനു മാത്രം പരിഹരിക്കാൻ കഴിയുന്നതല്ല. എന്നാലും സംസ്ഥാന സർക്കാരിന്റെ സാധ്യമായ ഇടപെടലുകൾ ഉണ്ടാകു ന്നുണ്ട്. ഇത്തരം കാര്യങ്ങൾ കത്തുകളിലും കൂടിക്കാഴ്ചക ളിലും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.***

4) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വികസിപ്പിക്കുന്നതിനും നാലാം ലോക വിപ്ലവത്തിന് സഹായകരമായ രീതിയിൽ പഠനകേന്ദ്രം സ്ഥാപിക്കണമെന്ന നിർദ്ദേശവും ഉയർന്നുവന്നിട്ടുണ്ട്.

<u>നിലപാട്</u>

**ഡിജിറ്റൽ രംഗത്തെ കുതിച്ചുചാട്ടത്തിൽ പങ്കാളിയാകാൻ ഉറച്ച തീരുമാനമെടുത്ത സംസ്ഥാനമാണ് കേരളം. ഇന്റർനെറ്റ് ഒരു അവകാശമായി ഇതിനകം തന്നെ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായാണ് കെ-ഫോൺ പദ്ധതി നടപ്പാക്കുന്നത്. ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യയിൽ അക്കാദമി ആരംഭി ച്ചിട്ടുണ്ട്. നാളെയുടെ ആവശ്യങ്ങൾ ഇന്നുതന്നെ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിൽ പ്രത്യേക ശ്രദ്ധ നമ്മൾ പതിപ്പിക്കു ന്നുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വികസിപ്പിക്കുന്നതിലും സർക്കാർ ശ്രദ്ധ പതിപ്പിക്കുന്നതാണ്. ഇതിനാവശ്യമായ വിദ ഗ്ധരെ കൊണ്ടുവരുന്നതിനും അവർക്ക് ആവശ്യമായ സൗക ര്യങ്ങൾ ചെയ്യുന്നതിനും സർക്കാർ നടപടികൾ സ്വീകരിക്കുന്ന താണ്.**

5) പ്രവാസികളുടെ സ്വത്ത് സംരക്ഷണത്തിനും തർക്ക പരിഹാര ത്തിനും വേണ്ടി ലീഗൽ സെൽ ആരംഭിക്കണം, പ്രവാസിക ളുടെ പ്രശ്നം പരിഹരിക്കുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃ ത്വത്തിൽ മൂന്ന് മാസത്തിലൊരിക്കൽ അദാലത്ത് സംഘടിപ്പി ക്കണം എന്നീ നിർദ്ദേശങ്ങളും ഉയർന്നു വന്നിട്ടുണ്ട്.

<u>നിലപാട്</u>

**പ്രവാസികളുടെ പരാതികൾ പരിശോധിക്കുന്നതിനും തീർപ്പാ ക്കുന്നതിനുമായി നിശ്ചിത സമയങ്ങളിൽ അദാലത്ത് നട ത്താൻ നോർക്ക വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്ന താണ്.**

6) പ്രവാസികളുടെ നിക്ഷേപ സുരക്ഷയ്ക്ക് പ്രത്യേക വകുപ്പ് വേണം എന്നതാണ് ഉയർന്നുവന്ന മറ്റൊരു നിർദ്ദേശം.

<u>നിലപാട്</u>

**ഷെഡ്യൂൾഡ് ബാങ്കുകളിലെ നിക്ഷേപ സുരക്ഷ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ ഡെപ്പോസിറ്റ് ഇൻഷുറൻസ് കോർപ്പറേഷൻ വഴിയാണ് ഉറപ്പുവരുത്തുന്നത്. ഇത് ഒട്ടും പര്യാപ്തമല്ല എന്നൊരു അഭിപ്രായം വിദഗ്ധന്മാരുടെ ഇടയിലുണ്ട്. എന്നാൽ ബാങ്ക് നിക്ഷേപസുരക്ഷയുടെ കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഇടപെടുന്നതിൽ പരിമിതിയുണ്ട്. ഇക്കാര്യത്തിൽ പ്രവാസികളുടെ നിക്ഷേപം പരമാവധി പ്രവാസി ചിട്ടി, ഡയസ്പോറ ബോണ്ട് മാതൃകയിലുള്ള പദ്ധതികളിലൂടെ സമാഹരിക്കുകയും സംസ്ഥാനത്തിന്റെ വികസനത്തിനു വേണ്ടി വിനിയോഗിക്കുകയും ചെയ്യുവാനുള്ള പരിശ്രമങ്ങൾ സർക്കാർ ഇപ്പോൾ തന്നെ നടത്തിവരുന്നുണ്ട്. ഇത്തരം സുരക്ഷിതമായ മാർഗ്ഗങ്ങൾ പ്രവാസികൾക്കായി തുറന്നുകൊടുക്കുക എന്നതാണ് പ്രധാനപ്പെട്ട പരിഹാരമാർഗ്ഗങ്ങൾ.**

7) ജാപ്പനീസ് ഉൾപ്പെടെയുള്ള വിദേശഭാഷകൾ കേരളീയർക്ക് പഠിക്കുവാനുള്ള അവസരമുണ്ടാകണം.

<u>നിലപാട്</u>

**വിദേശരാജ്യങ്ങളിൽ തൊഴിലവസരങ്ങൾ നേടാൻ നമ്മുടെ വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിന് മാതൃഭാഷയും ഇംഗ്ലീഷും ഹിന്ദിയും മാത്രം പര്യാപ്തമാകാത്ത ഒരു അവസ്ഥയാണ് നിലനിൽക്കുന്നത്. സാങ്കേതിക വൈദഗ്ധ്യത്തിലും വ്യവസായ വളർച്ചയിലും മുൻപന്തിയിൽ നിൽക്കുന്ന രാജ്യങ്ങളിലെ ആശയവിനിമയത്തിന് ഉപയോഗിക്കുന്ന ഭാഷകൾ നമ്മുടെ വിദ്യാർത്ഥികൾ അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. ഇതിനായി ഇത്തരം ഭാഷകളിലെ ആവശ്യമായ പരിജ്ഞാനം അവർക്ക് നൽകുന്നതിനായി ഒരു ലാംഗ്വേജ് ടീച്ചേഴ്സ്**

**എക്സേഞ്ച് വഴിയുള്ള പദ്ധതി ഉരുത്തിരിയേണ്ടതുണ്ട്. ഉടൻതന്നെ ഇതിനുള്ള നടപടിക്രമങ്ങൾ സർക്കാർ ആരംഭിക്കുന്നതാണ്.**

8) ഡൽഹിക്കും വടക്കുള്ള പഞ്ചാബ് പോലുള്ള സംസ്ഥാനങ്ങളിൽ താമസിക്കുന്ന/സന്ദർശിക്കുന്ന മലയാളികളുടെ സൗകര്യാർത്ഥം ഒരു കേരളാ ഭവൻ ചണ്ഡിഗഡ് കേന്ദ്രീകരിച്ച് നിർമ്മിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണെന്ന നിർദ്ദേശം ഉയർന്നുവന്നിട്ടുണ്ട്.

<u>നിലപാട്</u>

**ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.**

9) യു.എ.ഇ.യിലും മറ്റും താമസിക്കുന്ന പ്രവാസികുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കിടയിൽ ആത്മഹത്യാ നിരക്ക് വർദ്ധിക്കുന്നതായി ഇന്നലെ ചർച്ചയിൽ പറയുകയുണ്ടായി. അവർക്കായി കൗൺസലിംഗ് ഉണ്ടാകണമെന്നും നിർദ്ദേശമുണ്ടായി.

<u>നിലപാട്</u>

**ഈ നിർദ്ദേശം സർക്കാർ ഗൗരവമായി കാണുന്നു. ആവശ്യമായ സൗകര്യങ്ങൾ ഉടൻ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.**

10) പ്രവാസി കേരളീയരുടെ സാന്നിദ്ധ്യമുള്ളതും എന്നാൽ ഇന്ത്യൻ എംബസികൾ ഇല്ലാത്തതുമായ രാജ്യങ്ങളിൽ നോർക്കയുടെ ഒരു ഓണററി കൗൺസൽ ഉണ്ടാകുന്നത് ഉചിതമായിരിക്കുമെന്ന നിർദ്ദേമുയർന്നു. ഇതിനായി സ്വമേധയാ തയ്യാറുള്ള വ്യക്തികൾ ഉണ്ടാകുമെന്നും അഭിപ്രായമുയർന്നു.

## നിലപാട്

**പ്രവാസി കേരളീയർ ഉള്ള രാജ്യങ്ങളിൽ അവരുടെ പ്രശ്നങ്ങൾ പരിഗണിക്കാനും ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താനും എന്തുതരം സംവിധാനം പ്രായോഗികമാകുമെന്ന കാര്യത്തിൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്ന കാര്യം സംസ്ഥാന സർക്കാർ സജീവമായി പരിഗണിക്കുന്നതാണ്.**

## ഉയർന്നുവന്ന ചില നിർദ്ദേശങ്ങൾ

ഇൻഷുറൻസ് സംബന്ധിച്ചും ഉന്നതവിദ്യാഭ്യാസം സംബന്ധിച്ചും ചില നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അതോടൊപ്പം തന്നെ മറ്റു സംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികൾ പൊതുവിൽ അവരുടേതായ ചില വിഷയങ്ങളും ഉന്നയിച്ചിട്ടുണ്ട്. അതുസംബന്ധിച്ച ചില കാര്യങ്ങൾ കൂടി വ്യക്തമാകട്ടെ.

## ഇൻഷുറൻസ് സംബന്ധിച്ച നിർദ്ദേശങ്ങൾ

പ്രവാസികൾ അവരുടെ ജീവിതത്തിൽ ഏറെ അനിശ്ചിതത്വങ്ങൾ നേരിടുന്നതുകൊണ്ടാവാം പല തരത്തിലുള്ള ഇൻഷുറൻസ് പദ്ധതികൾ ഇവിടെ നിർദ്ദേശിക്കപ്പെട്ടത്. ഈ നിർദ്ദേശങ്ങൾ അപ്രായോഗികം എന്നുപറഞ്ഞ് തള്ളിക്കളയുന്ന സമീപനമല്ല സർക്കാർ സ്വീകരിക്കുക. ഈ നിർദ്ദേശങ്ങൾ ഇൻഷുറൻസ് കമ്പനികളുമായും വിദഗ്ധരുമായും ചർച്ച ചെയ്ത് മൂന്നു മാസത്തിനുള്ളിൽ ഇത് സംബന്ധിച്ച വ്യക്തമായ പ്രഖ്യാപനങ്ങളിലേക്കു പോകാൻ കഴിയണം എന്നാണ് കരുതുന്നത്. രണ്ട് ഇൻഷുറൻസ് പദ്ധതികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഇപ്പോൾ തന്നെ സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്. ഒന്നാമത്തേത് പ്രവാസികൾക്ക് ക്രിട്ടിക്കൽ രോഗങ്ങളുടെ കാര്യത്തിൽ ഒറ്റത്തവണ പ്രീമിയത്തിന്റെ അടിസ്ഥാനത്തിൽ ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനുള്ള പദ്ധതിയാണ്. രണ്ടാമത്തേത് പ്രകൃതി

ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ജീവനും, ആസ്തിക്കും സംരക്ഷണം നൽകുന്ന ഇൻഷുറൻസ് പദ്ധതിയാണ്. ഇവ സംബന്ധിച്ച് വൈകാതെ തീരുമാനമെടുക്കും.

**<u>ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിച്ച് ഉയർന്ന നിർദ്ദേശങ്ങൾ</u>**

ചർച്ചയിൽ പങ്കെടുത്ത പലരും സൂചിപ്പിച്ച ഒരു കാര്യം വിദ്യാഭ്യാസ മേഖലയിലും (അടിസ്ഥാന തലങ്ങളിലെ വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും) അതുപോലെ നൈപുണ്യ വികസന മേഖലയിലും ശക്തവും കാലികവുമായ ഇടപെടലുകളുടെ ആവശ്യകതയാണ്. ഇക്കാര്യത്തിൽ കൃത്യമായ നിയന്ത്രണങ്ങൾ ഉറപ്പാക്കുന്ന ഒരു ചട്ടക്കൂടും നയസമീപനവും ആവശ്യമാണ്. ഇതിനു വിധേയമായി പ്രവാസികൾക്ക് വിവിധ സംരംഭങ്ങൾ (വിദ്യാഭ്യാസ സ്ഥാപനങ്ങൾ) ഉൾപ്പെടെ ആരംഭിക്കാൻ പ്രത്യേക സോണുകൾ തുടങ്ങുന്ന കാര്യം ഗൗരവമായി ആലോചിക്കാവുന്നതാണ്. ഈ സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സാഹചര്യം സൃഷ്ടിക്കുന്നത് എൻ.ആർ.കെ. ഇൻവെസ്റ്റ്മെന്റ് കമ്പനിക്ക് മുൻഗണന നൽകി പരിഗണിക്കാവുന്നതാണ്.

**<u>ഇതര സംസ്ഥാനങ്ങളിലെ പ്രവാസികൾ ഉന്നയിച്ച വിഷയങ്ങൾ</u>**

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ കേരളീയരെ ബാധിക്കുന്ന പ്രശ്നങ്ങൾ ഇവിടെ വിശദമായി ചർച്ച ചെയ്യപ്പെട്ടു. ഇത് സംബന്ധിച്ച് ഒരു പ്രമേയം അവതരിപ്പിക്കപ്പെടുകയുമുണ്ടായി. ഇക്കാര്യത്തിൽ കൃത്യമായ ഇടപെടൽ നടത്തുന്നതിന് മുന്നോടിയായി ഏപ്രിൽ 30 ന് മുമ്പ് റിപ്പോർട്ട് സമർപ്പിക്കത്തക്ക വിധത്തിൽ ഒരു പഠനം നടത്തുന്നതിന് വിദഗ്ധരെ ഉൾപ്പെടുത്തി ഒരു സമിതിയെ ഉടൻ നിയോഗിക്കുന്നതാണ്. സമിതിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രശ്നപരിഹാരത്തിനായി സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾക്കും സർവകലാശാലകൾ പോലെയുള്ള സ്ഥാപനങ്ങൾക്കും അടിയന്തിരമായി ഇടപെട്ട് ഭരണ നടപടികളിൽ കൂടി പരിഹരിക്കാവുന്ന ഒട്ടേറെ പ്രശ്നങ്ങൾ ഇവിടെ അവതരിപ്പിക്കപ്പെട്ടു. വിവിധ വിദ്യാഭ്യാസ യോഗ്യതയുടെ തുല്യതാ സർട്ടിഫിക്കറ്റുകൾ നൽകുക. തദ്ദേശസ്ഥാപനങ്ങളുടെ ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ ലഭ്യമാക്കുക, റേഷൻ കാർഡുകൾ നൽകുക എന്നിവ ഉദാഹരണങ്ങളാണ്. ഇത്തരം ഭരണപരമായ നടപടികളിൽ കൂടി പരിഹരിക്കാവുന്നപ്രശ്നങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുകയും മന്ത്രിസഭാ യോഗം പ്രത്യേകമായി പരിഗണിച്ച് സമയബന്ധിതമായി പ്രശ്നപരിഹാരമുണ്ടാക്കുന്നതാണ്.

**<u>പ്രത്യേക പരിഗണന വേണ്ട വിഷയം</u>**

ഇതോടൊപ്പം തന്നെ മറ്റു സംസ്ഥാനങ്ങളുടെ കൂടി അഭിപ്രായങ്ങൾ കണക്കിലെടുത്ത് കൊണ്ട് ഇടപെടേണ്ട ചില പ്രശ്നങ്ങളുണ്ട്. അക്കാര്യങ്ങളിലും ശ്രദ്ധ പതിക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതായത്, കേന്ദ്രസർക്കാർ ഇപ്പോൾ എമിഗ്രേഷന്റെ കാര്യത്തിൽ ഒരു പുതിയ ബിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലൊരു ബിൽ കൊണ്ടുവരുമ്പോൾ സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം ആരായുക എന്നത് പ്രധാനമാണ്. അത് ഇതുവരെ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ ഒരു ഇടപെടൽ പൊതുവിൽ ഉണ്ടാകേണ്ടതുണ്ട്.

അതുപോലെ ശ്രദ്ധിക്കപ്പെടേണ്ട മറ്റൊരു വിഷയമാണ് കുടിയേറ്റം സംബന്ധിച്ച് അന്താരാഷ്ട്ര തലത്തിൽ ഉയർന്നുവന്ന ചില കാര്യങ്ങൾ. ഇക്കാര്യത്തിൽ അനവധി രാജ്യങ്ങൾ ഉൾപ്പെട്ട അന്തർദ്ദേശീയ ഉടമ്പടി തയ്യാറായി കഴിഞ്ഞിട്ടുണ്ട്. എന്നാൽ അവയ്ക്ക് ഒരു രാജ്യാന്തര നിയമപ്രാബല്യം ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദമായ ചർച്ച

കളും ഒരു ശക്തമായ നിലപാട് സ്വീകരിക്കാനും നിയമപ്രാബല്യം ലഭിക്കാനുള്ള സമ്മർദ്ദം ചെലുത്താനും നമ്മുടെ രാജ്യം തയ്യാറാവുക എന്നത് പ്രധാനമാണ്.

പ്രവാസിക്ഷേമം സംസ്ഥാന സർക്കാരുകൾക്ക് ഒഴിച്ചുകൂടാൻ കഴിയാത്ത സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമാണ്. കേരളമുൾപ്പെടെ പ്രവാസികൾ ധാരാളമുള്ള മറ്റു സംസ്ഥാന സർക്കാരുകളേയും ഈ മേഖലയിൽ വൈദഗ്ധ്യമുള്ളവരെയും ഉൾപ്പെടുത്തി മേൽപ്പറഞ്ഞ രണ്ട് പ്രധാനപ്പെട്ട വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യാൻ ഒരു യോഗം സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ സൗകര്യപ്രദമായ തീയതിയും സ്ഥലവും ബന്ധപ്പെട്ടവരുമായി ആലോചിച്ച് തീരുമാനിച്ച് നടത്തുന്നതാണ്.

**ഇടപെടൽ ശക്തമാക്കണം**

കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അവ പരഹരിക്കുന്നതിന് പ്രവാസികൾക്ക് ഇടപെടാനുള്ള സാധ്യതകളെ സംബന്ധിച്ചും കരട് രേഖ അവതരിപ്പിച്ചുകൊണ്ടുതന്നെ സൂചിപ്പിച്ചിട്ടുണ്ട്. രേഖ വായിച്ച് കൂടുതൽ വിശദാംശങ്ങൾ മനസ്സിലാക്കിയിട്ടുണ്ടാവും എന്നു കരുതുന്നു. സർക്കാരിന്റെ കാഴ്ചപ്പാടും പ്രതീക്ഷകളുമാണ് അതിൽ അവതരിപ്പിച്ചിട്ടുള്ളത്. അത് പ്രാവർത്തികമാക്കുന്നതിനും വികസിപ്പിക്കുന്നതിനും ഏതൊക്കെ തരത്തിൽ സാധിക്കുമെന്ന കാര്യം നമുക്ക് കൂട്ടായി ആലോചിച്ച് തീരുമാനിക്കാനാവണം. ഭാവി പ്രവർത്തനങ്ങൾ എന്ന നിലയിൽ ഇതിലെ ഓരോ സഭാംഗവും അവ മെച്ചപ്പെടുത്തുന്നതിനുള്ള ഇടപെടൽ നടത്തേണ്ടതുണ്ട്.

ഏത് ആശയവും നമുക്ക് അവതരിപ്പിക്കുക കുറേക്കൂടി എളുപ്പമാണ്. എന്നാൽ അവ പ്രാവർത്തികമാക്കുമ്പോൾ മാത്രമേ ആശയം ജനങ്ങൾക്ക് ഉപകാരപ്രദമായ ഒന്നായി മാറുന്നുള്ളൂ. അത് പ്രാവർത്തികമാക്കണമെങ്കിൽ അതിനുതകുന്ന ഭരണസംവിധാനം രൂപപ്പെടുത്തുക

എന്നതും പ്രധാനമാണ്. അത് രൂപപ്പെടുത്തിയാൽ മാത്രം പോരാ. അത് പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താനുമാകണം. നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം ഇവിടെ ഉയർന്നുവരുന്ന ആശയ ങ്ങൾ പ്രാവർത്തികമാക്കുന്നതിന് സഭയുടെ സെക്രട്ടറിയേറ്റിന്റെ പ്രവർത്തനം ഏറെ പ്രധാനമാണ്. അക്കാര്യത്തിൽ നമ്മളിൽ നില നിൽക്കുന്ന ചില ദൗർബല്യങ്ങൾ പരിഹരിച്ചുപോകേണ്ടതുണ്ട്. അതിനെ സഹായിച്ചുകൊണ്ട് സർക്കാർ സംവിധാനവും ഫലപ്രദ മായി ഇടപെടുക എന്നതും പ്രധാനമാണ്. അക്കാര്യത്തിൽ ആവ ശ്യമായ മുൻകൈ സർക്കാർ സ്വീകരിക്കുമെന്ന കാര്യവും ഓർമ്മിപ്പി ക്കട്ടെ.

**<u>നിയമനിർമ്മാണം</u>**

ലോക കേരളസഭ കുറഞ്ഞ കാലത്തെ അനുഭവത്തിൽ നിന്നു തന്നെ ശാശ്വതമായി നിലനിൽക്കേണ്ട ഒന്നാണ് എന്ന അഭിപ്രായമാണ് സർക്കാരിനുള്ളത്. അത് ശാശ്വതമായി ഇവിടെ ഉണ്ടാവണം. സംസ്ഥാനത്തിന്റെ വികസനത്തിനും മുന്നോട്ടുപോക്കിനും അത് അനിവാര്യമാണ്. ഈ സാഹചര്യത്തിലാണ് സംസ്ഥാന നിയമസഭ യിൽ ലോക കേരളസഭ സംബന്ധിച്ചുള്ള ബിൽ കൊണ്ടുവരിക എന്ന കാഴ്ചപ്പാട് കരടുരേഖയിൽ തന്നെ അവതരിപ്പിച്ചത്. അത് സംബന്ധിച്ച ക്രിയാത്മകമായ നിർദ്ദേശങ്ങളും സഭാംഗങ്ങൾ ഉയർത്തുക എന്നതും പ്രധാനമാണ്. എന്തായാലും ഇത് നിയമമാക്കു ന്നതിന് ആവശ്യമായ ഗൃഹപാഠം അടിയന്തരമായി തന്നെ പൂർത്തി യാക്കി നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്. എന്തായാലും അധികം കാത്തിരിക്കേണ്ടി വരില്ല ഇക്കാര്യത്തിൽ.

ലോക കേരളസഭ നമ്മെ സംബന്ധിച്ചിടത്തോളം പുതിയ ഒരു അനു ഭവമാണ്. ഇത്തരമൊരു സംവിധാനം രൂപപ്പെടുത്താൻ ഉദ്ദേശിച്ചത് കക്ഷിരാഷ്ട്രീയത്തിനതീതമായി കേരളത്തിന്റെ വികസനത്തിൽ

പ്രവാസികളെ യോജിപ്പിച്ചു നിർത്തുക എന്ന കാഴ്ചപ്പോടെയാണ്. കേരളത്തിന്റെ വികസനത്തിന്റെ ഒരു ദൗർബല്യമായി വിലയിരുത്ത പ്പെട്ട പ്രവാസി നിക്ഷേപങ്ങൾ കേരളത്തിന്റെ വികസനത്തിനായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല എന്ന വിമർശനം പരിഹരിക്കാൻ കൂടിയാണ്.

**<u>നേട്ടങ്ങൾ മുറുകെ പിടിച്ച് മുന്നോട്ടു പോകണം</u>**

ജീവിതം മുഴുവൻ ജോലി ചെയ്ത് സമ്പാദിക്കുന്ന തുക നിക്ഷേപ മായി മാറണമെങ്കിൽ അതിന് ഉതകുന്ന സംവിധാനം ഉണ്ടാകുക എന്നതും പ്രധാനമാണ്. അത് പരസ്പരം നടത്തുന്ന ആശയവിനിമ യത്തിലൂടെ സൃഷ്ടിക്കാനാവും എന്നാണ് ഇതിന്റെ രൂപീകരണ ഘട്ട ത്തിൽ നാം ചിന്തിച്ചത്. ഇക്കാര്യത്തിൽ ഏറെ മുന്നോട്ടുപോയിട്ടുണ്ട്. ഇനിയും മുന്നോട്ടു പോകേണ്ടതുണ്ട്. അതോടൊപ്പം തന്നെ പുതിയ ലോക സാഹചര്യത്തിൽ പ്രവാസികൾ നേരിടുന്ന ഗൗരവകരമായ ചില പ്രശ്നങ്ങളുമുണ്ട്. അവ പരിഹരിക്കുന്നതിനും താങ്ങായി നിൽക്കുന്നതിനും സർക്കാരിന് കഴിയേണ്ടതുമുണ്ട്. ഇക്കാര്യത്തിലും ഒരു പരസ്പര ആശയവിനിമയത്തിന്റെ വേദിയായി ഇത് മാറിയി ട്ടുണ്ട് എന്നതും ഈ അവസരത്തിൽ ഓർക്കുകയാണ്. ലോകത്ത് എവിടെയായാലും മലയാളികളായ നമ്മുടെ സംസ്കാരവും ജനാധി പത്യ ബോധവും മതനിരപേക്ഷ ചിന്താഗതിയും ഉയർത്തിപ്പിടിച്ച് മുന്നോട്ടുപോകാൻ കഴിയേണ്ടതുണ്ട്. അതിന് കരുത്തായി തീരാൻ നമ്മുടെ പ്രവർത്തനത്തിന് കഴിയണം എന്നുകൂടി ഓർമ്മിപ്പിച്ചു കൊണ്ട് അവസാനിപ്പിക്കുന്നു.